E 5556 (Pages : 4) Reg. No.....

Name.....

B.Sc. DEGREE (C.B.C.S.S.) EXAMINATION, MAY 2013

Second Semester

Additional Language—Malayalam

ഗദ്യം, രചന

(For Model II B.Sc. Programmes]

Time : Three Hours Maximum Weight : 25

നിർദ്ദേശങ്ങൾ :

എ വിഭാഗത്തിലെ **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുണം. **നാല്** ഹ്രസ്വോത്തര ചോദ്യങ്ങളടങ്ങിയ **നാലു** ഖണ്ഡങ്ങളാണ് എ വിഭാഗത്തിലുള്ളത്. ബി വിഭാഗത്തിൽ നിന്ന് ഏതെങ്കിലും **അഞ്ചും** സി വിഭാഗത്തിൽനിന്നു **നാലും** ഡി വിഭാഗത്തിൽനിന്നു **രണ്ടും** ചോദ്യങ്ങൾക്ക് ഉത്തരമെഴുതണം.

എ വിഭാഗം

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക :

I. 1 "അവിടത്തെ പല ഫാക്ടറികളും തകരപ്പന്തലുകളിലാണ് സ്ഥാപിച്ചിരിക്കുന്നത് "—എവിടത്തെ ?

(അമേരിക്കയിലെ, ജപ്പാനിലെ, ചൈനയിലെ, ഇന്ത്യയിലെ.)

2 പണ്ഡിറ്റ് കറുപ്പന്റെ ജാതിവിരുദ്ധപ്രമേയം അടങ്ങുന്ന നാടകമേത് ?

(ബാലാകലേശം, അശ്വമേധം, നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി, പാട്ടബാക്കി.)

3 ലളിതാംബിക അന്തർജ്ജനം ഒരു കാളയുടെ വേദന പകർത്തിയെഴുതിയ കഥയാണ് :

(പ്രതിധ്വനി, പ്രതികാരദേവത, മാണിക്യൻ, മനുഷ്യൻ മാത്രം.)

4 ഭരണഘടനയിലെ അവസരസമത്വം ഉറപ്പാക്കുന്ന വകുപ്പേതാണ് ?

(44-ാം വകുപ്പ്, 16-ാം വകുപ്പ്, 25-ാം വകുപ്പ്, 42-ാം വകുപ്പ്)

II. ഒരു വാക്യത്തിൽ ഉത്തരമെഴുതുക :

5 "തനി ഏട്ടനും അനിയനും തന്നെ" എന്ന അഭിപ്രായം ഏതു വേഷം കണ്ടിട്ടാണ് ആളുകൾ പറഞ്ഞിരുന്നത് ?

6 CFC-കളുടെ കാര്യത്തിൽ മൂന്നാം ലോകങ്ങളുടെ സംഭാവന എത്ര ശതമാനമാണ് ?

7 "ഈശ്വരചിന്തയിതൊന്നേ
മനുജനു ശാശ്വതമീയുലകിൽ"

—ഈ ഗാനം ഏതു സിനിമയിലേതാണ് ?

8 ലേഖകന്റെ അഭിപ്രായത്തിൽ കേരളീയർ ഏറ്റവും കൂടുതലായി വായിച്ച മാധവിക്കുട്ടിക്കഥ ഏതാണ് ?

Turn over

III. പദശുദ്ധി വരുത്തുക :

9 വിമ്മിഷ്ടം.

10 സ്വാസ്ഥ്യം.

11 പ്രവർത്തി.

12 ജഗത്രയം.

IV. ചേരുംപടി ചേർക്കുക :

13 മാധവിക്കുട്ടി . . . . . : കലാമണ്ഡലം ഗോപി . . . . . .

(a) എന്റെ കഥ. (b) കോലാട്.

(c) നെയ്പ്പായസം. (d) ചന്ദനമരങ്ങൾ.

(1) ഓടക്കുഴലിന്റെ നാദം. (2) ഗുരുനാഥനല്ലാത്ത ഗുരുനാഥൻ.

(3) വ്യാഴവട്ട സ്മരണകൾ. (4) അനുഭവക്കുറിപ്പുകൾ.

14 ചിഹ്നം ചേർക്കുക :

ഹാവൂ ഒരുവിധം രക്ഷപ്പെട്ടു.

വാക്യഘടന ശരിയാക്കുക :

15 ലക്ഷ്യപ്രാപ്തിയിലെത്തണമെങ്കിൽ എപ്പോഴും അഞ്ചുലക്ഷം രൂപയെങ്കിലും കൈയ്യിലുണ്ടായിരിക്കണം.

16 ഈ ചെയ്തതെല്ലാം നിഷ്ഫലമായ പാഴ്വേലകളാണ്.

(4 × 1 = 4)

ബി വിഭാഗം

ചോദ്യം 17 ഉൾപ്പെടെ ഏതെങ്കിലും **അഞ്ചെണ്ണത്തിന്** ഉത്തരമെഴുതുക.

17 **മലയാളത്തിലേക്ക്** പരിഭാഷ ചെയ്യുക :

The international Monetary Funds most recent assessment of the Indian Economy is broadly in line with those of the Government of India and the Reserve Bank of India. The economy is expected to grow at a robust rate of 8.75 per cent this year and moderate to around 8 % during 2011–12, since mid 2009, the pace of recovery which is led by domestic demand, has been strong. Monetary and fiscal policies have been accommodative and the real interest rates have remained low.

18 **മൂന്നിലൊന്നായി** സംഗ്രഹിക്കുക :

വൈലോപ്പിള്ളി കാല്പനിക കവിയാണ്, എന്നാൽ ഒരിക്കൽ അദ്ദേഹം പറഞ്ഞിട്ടുണ്ട് ജീവിതത്തിന്റെ കടലാണ് കവിയുടെ മഷിപ്പാത്രം എന്ന്. അദ്ദേഹം ജീവിതത്തിൽ വേരോട്ടമുള്ള കവിതകളാണ് മികച്ച കവിതകളായി കണ്ടത്. സ്നേഹത്തിലൂടെ ത്യാഗത്തിലൂടെ അസമത്വത്തെ ഇല്ലാതാക്കുക, അതിനുള്ള ഏതു ശ്രമവും വിശുദ്ധമായി കാണുക. അതു വൈലോപ്പിള്ളിയുടെ മാനസിക ഘടനയാണ്. അത് അസാദ്ധ്യമാണ് എന്ന ചരിത്രബോധം, അനിവാര്യമായ ചോരപ്പുഴയെക്കുറിച്ചുള്ള ദുഃസ്വപ്നം, അദ്ദേഹത്തെ പീഡിപ്പിക്കുന്നു. പുഴക്ക് അണകെട്ടി ചാലുകളിലൂടെ വെള്ളം ഒഴുക്കി ഭൂമിയെ സ്വർഗ്ഗമാക്കാം. എന്നാൽ അണകെട്ടേണ്ടവർ അതിനു തുനിയാതിരുന്നാൽ എല്ലാം തകർക്കുന്ന വെള്ളപ്പൊക്കമാവും ഫലം.

വൈലോപ്പിള്ളിക്കവിതയുടെ അടിസ്ഥാന സ്വഭാവങ്ങളിൽ ഒന്ന് ശുഭാപ്തി വിശ്വാസമാണ്. എല്ലാത്തിനേയും കടപുഴക്കുന്ന ഒരു മഹാപ്രവാഹത്തിന്റെ ഒരു ഉരുൾപൊട്ടലിന്റെ അനിവാര്യതയെപ്പറ്റി ഭയത്തോടെ അദ്ദേഹം ചിന്തിക്കുന്നു. എന്നാൽ അതിനുശേഷം ഒരു യുഗപ്പിറവി ഉണ്ടാവും. പ്രളയശേഷം പുതുയുഗപ്പിറവി എന്ന ഭാരതീയ സങ്കല്പമാണ് ഇതിനു പിന്നിൽ. ഭീകരമായ ഭാവിയെക്കുറിച്ച് ചിന്തിച്ച് ആത്മഹത്യയിൽ അഭയം തേടുന്നവനല്ല ഈ കവി. ഒറ്റയ്ക്കൊറ്റക്ക് ഉണ്ടാകുന്ന വേദനകളും ദുഃഖങ്ങളും നിസ്സാരങ്ങളല്ല ; അനുഭവിക്കുന്നവർക്ക് അതിന്റെ തീവ്രത മനസ്സിലാവും.

19 ഭാഷ ആകർഷകമാക്കുക :

ഈ കഥയിൽ ദുഃഖത്തിന്റെ ഒരേയൊരു തലം ഉണ്ട്. ദുഃഖം എപ്പോഴും ദാരിദ്ര്യത്തോടും ഇല്ലായ്മയോടും ബന്ധപ്പെട്ടതാവണം എന്നില്ല. ഇവിടത്തെ കഥാപാത്രങ്ങൾക്കാർക്കും സാമ്പത്തിക പരാധീനതകൾ ഇല്ല. അവർ പെരുമാറുന്ന ലോകത്തിൽ പട്ടിണിക്കാരായ, വിശപ്പിന്റെ ദുഃഖമുള്ള അനുഭവിക്കുന്ന ഒട്ടേറെ മനുഷ്യരുണ്ട്.

20 "നമ്മുടെ മഹാസൗധങ്ങളിൽ ചുറ്റിക്കറങ്ങി നടക്കുന്ന ഋഷികളിൽനിന്ന് കിട്ടുന്നത് മുത്തുച്ചിപ്പിയും പാറക്കല്ലുമത്രേ"—പ്രതിപാദ്യമെന്ത് ? വിശദീകരിക്കുക.

21 ഗതകാല മലയാള സിനിമാഗാനങ്ങളുടെ മനോഹാരിത സി.ആർ. ഓമനക്കുട്ടൻ അവതരിപ്പിക്കുന്ന തെങ്ങനെ ?

22 "കൊടുങ്കാറ്റിൽപ്പെട്ട ഒരിലയിലെ" പ്രമേയമെന്ത് ?

23 കേരളത്തിലെ തീയേറ്ററിന്റെ പ്രത്യേകതയെന്ത് ?

24 "സാഹിത്യസംഘ പ്രവർത്തനം ഒറ്റത്തടിപ്പാലത്തിൽക്കൂടിയൊരു യാത്രയാണെന്നും അതിന്നു താഴെ കൂറ്റൻ പാറക്കെട്ടുകളും ഇരച്ചുപായുന്ന കുത്തൊഴുക്കുമുണ്ടെന്നും ഞങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്" —ബി. സരസ്വതി ഇങ്ങനെ എഴുതാൻ കാരണമെന്ത് ?

(5 × 1 = 5)

സി വിഭാഗം

താഴെ പറയുന്നവയിൽ ഏതെങ്കിലും നാലെണ്ണത്തിന് ഒരു പേജിൽ (നൂറു വാക്ക്) ഉത്തരമെഴുതുക.

25 "ആർ.വി.ജി. മേനോന്റെ അഭിപ്രായത്തിൽ വികസനം തടസ്സപ്പെടുന്നു എന്ന മുറവിളിയിൽ മുഴങ്ങിക്കേൾക്കുന്നതെന്ത് ?

26 കൊച്ചിയിലെ പുലയരുടെ ഉയിർത്തെഴുന്നേല്പിനെക്കുറിച്ച് വിവരിക്കുക.

27 "മാധവിക്കുട്ടി സ്നേഹം എന്നു പറയുന്നത്, പ്രണയം എന്ന് അവർ വിളിക്കുന്നത്, വ്യക്തിബന്ധത്തിന്റെ സമഗ്രവും സുന്ദരവുമായ വളർച്ചയെയാണ് "—വിശദീകരിക്കുക.

28 കാരൂരും വയലാറും തമ്മിലുള്ള ആരമബന്ധത്തെക്കുറിച്ച് വിവരിക്കുക.

29 ഇൻറർനെറ്റിലൂടെയുള്ള ക്രയവിക്രയങ്ങളെക്കുറിച്ച് വിവരിക്കുക.

30 ഇ-ഗവേൺസിലൂടെയുള്ള സേവനവിതരണം നാലു തരത്തിലുണ്ട്. വിശദീകരിക്കുക.

(4 × 2 = 8)

ഡി വിഭാഗം

ഏതെങ്കിലും രണ്ടെണ്ണത്തിന് നാലു പുറത്തിൽ ഉത്തരമെഴുതുക.

31 നമ്മുടെ ഭരണഘടനയിൽ പ്രതിപാദിക്കുന്ന മതേതര സങ്കല്പത്തെ വിലയിരുത്തുക.

32 സ്വാശ്രയസ്ഥാപനങ്ങളും പൊതുവിദ്യാഭ്യാസവും.

33 കാരൂർക്കഥകളിലെ മൂപിഭേദങ്ങൾ ബി. സരസ്വതി വിലയിരുത്തുന്നതെങ്ങനെ ?

(2 × 4 = 8)